മലയാള മനോരമ
ESTABLISHED 1888

**Aug 25, 2016**



സമുദ്ര ജൈവവൈവിധ്യ രംഗത്തെ ഗവേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും തമിഴ്നാട്ടിലെ എംഎസ് സർവകലാശാല വൈസ്ചാൻസലർ ഡോ. കെ. ഭാസ്കറും ധാരണാപത്രം കൈമാറുന്നു.

# മന്നാർ ഉൾക്കടലിലെ ജൈവവൈവിധ്യ ഗവേഷണത്തിന് ധാരണാപത്രം

കൊച്ചി ● സമുദ്ര ജൈവവൈവിധ്യ രംഗത്തെ ഗവേഷണം ശക്തിപ്പെടുത്തുന്നതിനു കേന്ദ്ര സമുദ്ര, മത്സ്യ ഗവേഷണ കേന്ദ്രം (സിഎംഎഫ്ആർഐ), തമിഴ്നാട് തിരുനൽവേലി കേന്ദ്രമായ മനോൻമണിയം സുന്ദരനാർ (എംഎസ്) സർവകലാശാലയുമായി കൈകോർക്കുന്നു.

മന്നാർ ഉൾക്കടലിലെ പ്രത്യേക ജൈവവൈവിധ്യങ്ങളുടെ സാന്നിധ്യം കണ്ടെത്തുന്നതിനു സിഎംഎഫ്ആർഐയുടെ തൂത്തുക്കുടി ഗവേഷണ കേന്ദ്രവും എംഎസ് സർവകലാശാലയും സംയുക്ത ഗവേഷണം നടത്തും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും എംഎസ് സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. ഭാസ്കറും ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവച്ചു.

മന്നാർ ഉൾക്കടലിലെ വിവിധ സസ്യജന്തു വിഭാഗങ്ങളുടെ പ്രജനന-കാർഷിക സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണത്തിലും മത്സ്യസമ്പത്തിനെക്കുറിച്ചുള്ള പഠനത്തിനും ഇവർ സഹകരിക്കും. സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരെ സർവകലാശാല അംഗീകൃത റിസർച് ഗൈഡുകളായി പരിഗണിക്കുന്നതിനെക്കുറിച്ചും ധാരണയായിട്ടുണ്ട്. ഇതോടെ സമുദ്ര ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ടു സിഎംഎഫ്ആർഐയിൽ നിന്നു ഗവേഷണം പൂർത്തിയാക്കുന്നവർക്ക് എംഎസ് സർവകലാശാലയിൽ നിന്നു പിഎച്ച്ഡി നേടാൻ സാധിക്കും.